# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3300** **08.11.2019 ൽ മറുപടിയ്ക്ക്**

**ജൈവ പച്ചക്കറി വ്യാപിപ്പിക്കുന്നതിന് ഇക്കോ ഷോപ്പ്**

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ജൈവ പച്ചക്കറി വ്യാപിപ്പിക്കുന്നതിന് സംസ്ഥാനത്ത് ഉടനീളം ആരംഭിച്ച ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) ഉണ്ട്. മെച്ചപ്പെട്ട വിപണന സൗകര്യം ഇല്ലാത്തതിനാൽ കേരളത്തിലെ കർഷകർ ഏറെ പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് കാർഷിക ഉല്പന്നങ്ങൾക്ക് കേരളത്തിൽ തന്നെ വിപണി കണ്ടെത്തുന്നതിനും "കേരള ഓർഗാനിക്" എന്ന ലേബലിലുള്ള ഉല്പന്നങ്ങൾക്ക് സ്വീകാര്യത ലഭിക്കുന്നതിന് വേണ്ടിയും 241 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.<br>ജി.എ.പി സർട്ടിഫിക്കേഷനോടു കൂടിയ തിരഞ്ഞെടുക്കപ്പെട്ട കർഷക ക്ലസ്റ്ററുകളിൽ നിന്നും ഉല്പന്നങ്ങൾ ശേഖരിച്ച് തരംതിരിച്ച്, ഗ്രേഡ് ചെയ്ത് "കേരള ഓർഗാനിക്" ലേബലോടു കൂടിയ പായ്ക്കറ്റുകളിലാക്കി ഇക്കോഷോപ്പുകളിലൂടെ വിപണനം ചെയ്യുന്നു.<br>ഒരു ഇക്കോഷോപ്പിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) നിലവിൽ നന്നായി പ്രവത്തിക്കുന്ന ഇക്കോ ഷോപ്പുകളിൽ മറ്റ് കാർഷിക ഉപകരണങ്ങൾ, വിത്തിനം, ജൈവ കീടനാശിനി, തുടങ്ങിയവയുടെ വിൽപ്പന ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ബി) നിലവിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകളിൽ ജൈവ പഴം, പച്ചക്കറികൾ കൂടാതെ കാർഷിക ഉപകരണങ്ങൾ, വിത്തുകൾ, ജൈവ കീടനാശിനി, മറ്റ് ഉല്പാദനോപാധികൾ (ജീവാമൃതം, ജൈവ വളങ്ങൾ, ട്രൈക്കോഡർമ, VAM, PGPR-mix1) തുടങ്ങിയവയുടെ വിൽപ്പനയും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ